LIBRARY ARCHIVES Kerala Legislative Assembly

ചേർത്തല മനോരമ കവലയുടെ വികസനം

200(3123) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചേർത്തല മനോരമ കവലയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്ന് പറയാമോ ; ഇതിന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; സ്ഥലം നെഗോഷബിൾ പർച്ചേസ് മെത്തേഡിൽ സമയനഷ്ടം ഇല്ലാതെ ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകളും റിപ്പോർട്ടുകളും ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ ; സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടേണ്ട കച്ചവടക്കാർക്ക നൽകേണ്ട നഷ്ടപരിഹാര പാക്കേജോ, പുനരധിവാസ പാക്കേജോ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

ചേർത്തല മനോരമ കവലയുടെ വികസനത്തിനായി 9.38 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ 9-10-2014-ൽ ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. സ്വന്തം കടയിൽ കച്ചവടം നടത്തുന്ന 9 പേരേയും വാടകയ്ക്ക് കച്ചവടം നടത്തുന്ന 98 പേരേയും ഒഴിപ്പിക്കേണ്ടിവരും. ഇവർക്കും കടകളിലെ 75 ജോലിക്കാർക്കും പുനരധിവാസം നൽകുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയതും സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനിടയിൽ കേരള വ്യാപാരി വ്യവസായ ഏകോപന സമിതി ചേർത്തല യൂണിറ്റ് പ്രസിഡന്റ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കെതിരെ 998/2014 നമ്പരായി ഹൈക്കോടതിയിൽ ഒരു കോടതി അലക്ഷ്യ കേസും ഫയൽ ചെയ്തിട്ടുണ്ട്. കോടതി നിർദ്ദേശവും ജില്ലാ കളക്ടറുടെ പ്രൊപ്പോസലും പരിശോധിച്ച് സർക്കാർ തീരുമാനം എടുക്കുന്നതാണ്.

റീ-സർവ്വേ നടപടികൾ

201(3124) ശ്രീ. പാലോട് രവി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റീ-സർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ് ;

(ബി) ഇതുവരെ എത്ര വില്ലേജുകളിൽ റി-സർവ്വേ പൂർത്തിയായിട്ടുണ്ട് ; ഭാഗികമായി പൂർത്തിയായ വില്ലേജുകൾ എത്ര ; ഏതെല്ലാം ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;